"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെ നിയമനാനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2294/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/11/2021

---

പരാമർശം:-

1. സ.ഉ(സാധാ)നം.1311/2018/തസ്വഭവ തീയതി 10.05.2018.
2. സ.ഉ(സാധാ)നം.3027/2018/തസ്വഭവ തീയതി 29.11.2018.
3. സ.ഉ(സാധാ)നം.1475/2019/തസ്വഭവ തീയതി 16.07.2019.
4. സ.ഉ(സാധാ)നം.2220/2019/തസ്വഭവ തീയതി 10.10.2019.
5. സ.ഉ(സാധാ)നം.1798/2020/തസ്വഭവ തീയതി 30.09.2020.
6. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.10.2021-ലെ ഇ14/9285/17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും, അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന്, ടി ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള അനുമതി, ഉത്തരവ് തീയതി മുതൽ പരമാവധി ഒരു വർഷത്തേക്കു മാത്രമാണെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. തുടർന്ന്, പ്രസ്തുത എഞ്ചിനീയർമാരുടെ താൽക്കാലിക സേവനത്തിനുള്ള അനുമതി, പരാമർശം (3),(4),& (5) ഉത്തരവുകൾ പ്രകാരം 31.03.2021 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. നിലവിൽ കോഴിക്കോട് ഒഴികെയുള്ള അഞ്ച് കോർപ്പറേഷനുകളിൽ ഓരോ എൻവയോൺമെന്റൽ എഞ്ചിനീയർമാർ ജോലിയിൽ തുടരുന്നുണ്ടെങ്കിലും സ്ട്രക്ചറൽ എഞ്ചിനീയർമാർ ആരും തന്നെ കോർപ്പറേഷനുകളിൽ സേവനത്തിൽ തുടരുന്നില്ല എന്നും കോർപ്പറേഷനുകളിലെ സാങ്കേതിക വിഭാഗം, ആരോഗ്യ വിഭാഗം എന്നിവയിൽ ബഹു. ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള ബയോമൈനിംഗ് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഡി.പി.ആർ പ്രോജക്ടുകൾ, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ, ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ തുടങ്ങിയ നിരവധി സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികളുടെ നടത്തിപ്പിന് എൻവയോൺമെന്റൽ എഞ്ചിനീയർമാരുടെ സേവനം അനിവാര്യമായതിനാൽ, എൻവയോൺമെന്റൽ എൻജിനീയർമാരുടെ താൽക്കാലിക നിയമനാനുമതി ദീർഘിപ്പിക്കാവുന്നതാണ് എന്ന് പരാമർശം(6) പ്രകാരം ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ നിയമിതരായ എൻവയോൺമെന്റൽ എൻജിനീയർമാരുടെ സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾക്ക്, ടി ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി 01.04.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
3. ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം.
4. എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും *(നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )*
5. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 17-11-2021 13:32:40
Reason: Approved

സെക്ഷൻ ഓഫീസർ